പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3538 15.03.2018 ലെ മറുപടിക്ക്

**കയർ വില വ്യതിയാന സ്ഥിരത ഫണ്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ. എൻ. വിജയൻ പിള്ള | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കാമോ; | എ) കയർ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. കയർ ഉത്പന്ന നിർമ്മാണ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും കയർഫെഡ് ന്യായവില നൽകി സംഭരിക്കുന്നു. ക്രയവില സ്ഥിരതാപദ്ധതി പ്രകാരവും ഉൽപ്പന്നങ്ങൾ വിറ്റഴിച്ച വരുന്നു. കയർ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പ വരുത്തിക്കൊണ്ട് ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ എല്ലാ സംസ്ഥാനങ്ങളിലും ഡീലർമാരേയും സ്റ്റോക്കിസ്റ്റുമാരേയും കണ്ടെത്തുന്നതിനും, മറ്റ സംസ്ഥാനങ്ങളിലെ പൊതു മേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ഷോറൂമുകൾ വഴി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) കയർ ഉൽപ്പന്നങ്ങളുടെയും യാണിന്റെയും ചകിരിയുടെയും വില സ്ഥിരതയ്ക്കു വേണ്ടിയും വില വ്യതിയാനം പരിഹരിക്കുന്നതിനുവേണ്ടിയും വില വ്യതിയാന സ്ഥിരത ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോ;വ്യക്തമാക്കുമോ; | ബി) ഉണ്ട്. വാങ്ങൽ വിലയേക്കാളും 10 മുതൽ 50 ശതമാനം വരെ നിരക്കിൽ പ്രൈസ് ഫ്ളക്ചേഷൻ ഫണ്ടിൽ നിന്നും സഹായം നൽകി കയർ വിൽപ്പന നടത്തിയും സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി നൽകിയും വില സ്ഥിരത ഉറപ്പാക്കി വരുന്നു. ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം ലഭിക്കുന്ന ഫണ്ടുപയോഗിച്ച് കയർ കോർപ്പറേഷൻ ന്യായവില നൽകി ഉൽപന്ന സംഘങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ സംഭരിച്ച് കയറ്റുമതിക്കാർക്ക് വിപണനം ചെയ്യുമ്പോൾ വിലയിൽ ഡിസ്കൗണ്ട് നൽകുകയും കയർ ഉൽപ്പന്ന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് സർവ്വീസ് ചാർജ്ജ് നൽകുകയും ചെയ്യുന്നുണ്ട്. ഈ സാമ്പത്തിക വർഷം |

| | |
|---|---|
| | ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിനും കയർ കോർപ്പറേഷനുമായി 48.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളാണ് നിലവിൽ കയർ സംഭരിക്കുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) കയർഫെഡ് ആണ് കയർ സംഭരിച്ചുവരുന്നത്. |
| ഡി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണി വികസനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ഡി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണി വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ വിപണി വികസന സഹായ പദ്ധതി (മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റൻസ്) നടപ്പിലാക്കി വരുന്നു. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും പൊതു വിപണിയിലെ വിൽപ്പനയുടെ 3 വർഷത്തെ ശരാശരിയുടെ 10% തുക വിപണി വികസന സഹായമായി അനുവദിക്കുന്നു. ടി പദ്ധതിയ്ക്കായി സംസ്ഥാന സർക്കാരും കേന്ദ്രവും 1:1 റേഷ്യോയിൽ വിഹിതം പങ്കിടുന്നു.<br>ടി പദ്ധതി പ്രകാരം അനുവദിക്കുന്ന തുക, പ്രചാരണം, പുതിയ പ്രദർശന/വിൽപ്പനശാലകൾ, നിലവിലുള്ള വിൽപ്പനശാലകളുടെ നവീകരണം, ഗോഡൗണുകൾ, വിപണിയെക്കുറിച്ചുള്ള പഠനം, ഡിസ്കൗണ്ട് കൊടുക്കൽ ഉൾപ്പെടെയുള്ള നൂതന വിപണന തന്ത്രങ്ങൾ ഇ-കോമേഴ്സ് സൗകര്യങ്ങളുടെ ആരംഭം കുറിക്കൽ, ഡിസൈൻ സൗകര്യങ്ങളുടെ നവീകരണം എന്നിവയ്ക്കായി ഉപയോഗിക്കാവുന്നതാണ്.<br>2017-18 വർഷ ബഡ്ജറ്റിൽ ടി പദ്ധതിയ്ക്കായി 880 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരുന്നു. ടി തുക 26 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും, കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ് സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കുമായി അനുവദിച്ചു. ആനുപാതിക കേന്ദ്രവിഹിതം ലഭിക്കുന്നതിനുള്ള അപേക്ഷ കയർ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

V